# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1206** **05.03.2018-ൽ മറുപടിയ്ക്ക്**

## ടി.എം.ചിറ പാലം നിർമാണം

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ടതും നബാർഡിന്റെ സഹായത്തോടെ നിർമാണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നതുമായ ടി.എം.ചിറ പാലം നിർമാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | ടി.എം.ചിറ ആയിരംതെങ്ങ് പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് നബാർഡ് ആർ.ഐ.ഡി.എഫ്-19-ൽ 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പിൽ നിന്ന് ഏറ്റെടുത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറുമെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പ് നൽകിയിരുന്നു. നിലവിലുള്ള നടവഴി അപ്രോച്ച് റോഡാക്കി മാറ്റിയാൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഫാം രണ്ടായി മുറിഞ്ഞുപോകുമെന്ന കാരണത്താൽ ഫിഷറീസ് വകുപ്പിൽ നിന്നും റോഡ് നിർമ്മാണത്തിനുള്ള അനുവാദം നൽകിയിരുന്നില്ല. തുടർന്ന് എ.ഡി.എം, ജനപ്രതിനിധികൾ എന്നിവർ നടത്തിയ ചർച്ചയിൽ ഫിഷ് ഫാം ചിറയുടെ കിഴക്കേ അതിർത്തിയിൽകൂടി റോഡ് നിർമ്മിക്കുന്നതിന് ധാരണയാകുകയും ടി സ്ഥലത്ത് അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പ് വിട്ടുനൽകുകയും ചെയ്തു.<br><br>കണ്ടൽകാടിന്റെ സ്വാഭാവികതയ്ക്ക് കോട്ടം വരാത്ത രീതിയിൽ ഫാമിന്റെ കിഴക്ക് അതിർത്തിയിൽകൂടി പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് പണിയുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. നബാർഡ് ഭരണാനുമതി നൽകിയ അലൈൻമെന്റിൽ നിന്നും പാലത്തിന്റെ അലൈൻമെന്റ് മാറ്റേണ്ടതായി വന്നു. പുതിയ അലൈൻമെന്റിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും അതിനനുസൃതമായി പാലം |

നിർമ്മിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് നൽകിയിരുന്നുവെങ്കിലും നബാർഡിൽ നിന്നും ഭരണാനുമതി ലഭിച്ചില്ല.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ്-19 വരെയുള്ള ട്രാഞ്ചേ -ൽ ഉൾപ്പെട്ടിട്ടുള്ള ഇനിയും ടെണ്ടർ ചെയ്തിട്ടില്ലാത്ത ടി.എം. ചിറ പാലം നോൺ സ്റ്റാർട്ടർ പ്രോജക്ടായി റദ്ദാക്കുന്നതിന് നബാർഡ് - ന് കത്ത് നൽകിയിരിക്കുകയാണ്.

**സെക്ഷൻ ആഫീസർ**